**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **06-02-2023 - ൽ മറുപടിയ്ക്ക്**

**മിയാവാക്കി മോഡൽ വനവത്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള മിയാവാക്കി മോഡൽ വനവത്കരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ; | (എ) | മിയാവാക്കി വനങ്ങൾ വനംവകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്നില്ല. എന്നാൽ ഇതേ തത്വം ഉൾക്കൊള്ളിച്ച് അതിസാന്ദ്ര "നഗരവനങ്ങളും" വിദ്യാലയങ്ങളിൽ "വിദ്യാവനങ്ങളും" നടപ്പിലാക്കി വരുന്നുണ്ട്. നാളിതുവരെ 16 നഗരവനവും 75 വിദ്യാവനവും സൃഷ്ടിച്ച് സംരക്ഷിച്ചു വരുന്നു. |
| (ബി) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2020-21 വർഷത്തിൽ ശ്രീ രാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കണ്ടറി സ്കൂൾ, പുറനാട്ടുകര; 2022-23 വർഷത്തിൽ ശ്രീ രാമചന്ദ്രാ യു.പി സ്കൂൾ, എടക്കളത്തൂർ എന്നീ സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നഗരവനം പദ്ധതി ഇവിടെ നടപ്പിലാക്കിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അനുയോജ്യമായ സ്ഥലം ലഭ്യമായാൽ നഗരവനം പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ